ॐ



ജ്ഞാത്വാ പുത്രസ്യ തത് കർമ്മ ഗുരുണാഭിഹിതം നൃപ:
ദേശാന്നി:സാരയാമാസ സുതം ത്യക്തവിധിം രുഷാ (9–6–9)
സ തു വിപ്രേണ സംവാദം ജാപകേന സമാചരൻ
ത്യക്ത്വാ കളേബരം യോഗീ സ തേനാവാപ യത് പരം (9–6–10)
സംഗം ത്യജേത മിഥുനവ്രതിനാം മുമുക്ഷു:
സർവാത്മനാ ന വിസൃജേദ് ബഹിരിന്ദ്രിയാണി
ഏകശ്ചരൻ രഹസി ചിത്തമനന്ത ഈശേ
യുഞ്ജീത തദ്വ്രതിഷു സാധുഷു ചേത് പ്രസംഗ: (9–6–51)

*ശുകമുനി തുടർന്നു:*

അംബരീഷന് വിരൂപൻ, കേതുമാൻ, ശംഭു ഇങ്ങിനെ മൂന്നു പുത്രന്മാർ. വിരൂപന്റെ മകൻ പ്രശദാസ്വൻ. അയാളുടെ പുത്രൻ രതീതരൻ. രതീതരനു കുട്ടികളുണ്ടായിരുന്നില്ല. അംഗിരമുനിയോട് പ്രാർത്ഥിച്ച് രതീതരന് തന്റെ ഭാര്യയിൽ കുറെ മക്കളുണ്ടായി. അവരെയെല്ലാം യുദ്ധവീരന്മാരായ ബ്രാഹ്മണരായി കണക്കാക്കപ്പെടുന്നു. വൈവസ്വതമനുവിന്റെ നാസാരന്ധ്രങ്ങളിൽ നിന്നും ഇശ്വാകു ജനിച്ചു. ഇശ്വാകുവിന്റെ നൂറാൺമക്കളിൽ മൂത്തയാൾ വികുക്ഷി. മക്കളിൽ കുറച്ചുപേർ വടക്കൻ പ്രദേശങ്ങളുടെയും മറ്റു ചിലർ തെക്കൻദിക്കുകളിലെയും ഭരണാധിപന്മാരായി. ഒരിക്കൽ ഒരു യാഗസമയത്ത്, പിതൃക്കൾക്കായർപ്പിക്കാൻ പറ്റിയ മാംസത്തിന്നായി ഇശ്വാകു വികുക്ഷിയെ നായാട്ടിന്നയച്ചു. സ്വയം വിശന്നിരുന്ന വികുക്ഷി മാംസത്തിൽ കുറച്ചു ഭക്ഷിച്ചു. ഇത് അർപ്പണത്തെ മലിനമാക്കി. പുരോഹിതരുടെ നിർദ്ദേശപ്രകാരം വികുക്ഷിയെ രാജാവ് നാടുകടത്തി. രാജാവ് മാമുനിമാരിൽനിന്നും പരമോന്നതശാസ്ത്രങ്ങൾ പഠിച്ച് അവസാനം പരമഗതി പ്രാപിച്ച് ശരീരമുപേക്ഷിച്ചു. വികുക്ഷി നാട്ടിൽ തിരിച്ചെത്തി സിംഹാസിതനായി. വികുക്ഷിയുടെ മകൻ പുരഞ്ജയൻ പ്രശസ്തനായി പലപേരുകളും സമ്പാദിച്ചു. അസുരന്മാർക്കെതിരായി അദ്ദേഹം നടത്തിയ ഒരു യുദ്ധത്തിൽ ഇന്ദ്രൻ സ്വയം കാളയായി മാറി പുരഞ്ജയനെ കൊണ്ടു നടന്നു. അതിനു ശേഷം അദ്ദേഹം ഇന്ദ്രവാഹൻ എന്നും കകുഷ്തൻ എന്നും അറിയപ്പെട്ടു. ആറു തലമുറകൾക്കു ശേഷം, ഇതേ പരമ്പരയിൽ ശാബസ്തൻ പിറന്നു. ശാബസ്തി നഗരം അദ്ദേഹത്തിന്റെ പേരിലറിയപ്പെടുന്നു. അതെ കുലത്തിലാണ് യുവനാശ്വന്റെ ജനനം. അദ്ദേഹത്തിന് നൂറു ഭാര്യമാരുണ്ടായിരുന്നെങ്കിലും കുട്ടികളുണ്ടായിരുന്നില്ല. അതുകൊണ്ടദ്ദേഹം വനവാസത്തിന് പോയി. കരുണാമയരായ മഹർഷിമാർ, രാജാവിന് കുട്ടികളുണ്ടാവാൻ ഒരു യാഗം നടത്തി. അന്നുരാത്രി, പുരോഹിതൻ ഉറങ്ങികിടക്കുമ്പോൾ തന്റെ പത്നികൾക്കായി വച്ച വിശുദ്ധജലം രാജാവ് ദാഹാർത്തനായി വന്നു കുടിച്ചു. തൽഫലമായി രാജാവ് ഗർഭം ധരിച്ചു. കാലക്രമത്തിൽ, രാജാവിന്റെ വയറു പിളർന്ന് ഒരു പുത്രൻ പുറത്തു വന്നു. കരയുന്ന കുട്ടിക്കായി ഇന്ദ്രൻ തന്റെ ചൂണ്ടുവിരൽ അമൃതിൽ മുക്കി നുണയാൻ കൊടുത്തു. “ഈ ശിശു എന്നെയാണു നുണയുക” (മാംധാതാ). അതുകൊണ്ട് കുട്ടിക്ക് മന്ഥാതൻ എന്നു പേർ. യുവനാശ്വൻ, ദിവ്യപ്രഭകൊണ്ട് രക്ഷപ്പെട്ടു. കുറച്ചുനാൾ പർണ്ണശാലയിൽ ജീവിച്ചശേഷം അവസാനം മുക്തിയെ പ്രാപിച്ചു. മന്ഥാതന് മൂന്നു പുത്രന്മാരും അമ്പതു പുത്രിമാരും ഉണ്ടായി. അവിടെ ആ സമയം സൗഭരിയെന്നൊരു മുനി ജലതപസ്സിലേർപ്പെട്ടിരുന്നു. ജലത്തിൽ ഇണചേരുന്ന മത്സ്യങ്ങളെക്കണ്ട് മുനിക്ക് ലൈംഗീകാവേശമുണ്ടായി. മന്ഥാതനോട് ഒരു പെൺകുട്ടിയെ വേണമെന്നാവശ്യപ്പെട്ടു. മന്ഥാതൻ പറഞ്ഞു. “ഏതു പെൺകുട്ടിയാണോ താങ്കളെ വിവാഹം കഴിക്കാനാഗ്രഹിക്കുന്നത്, അവളെ സ്വീകരിക്കാം.” മഹർഷിക്ക് മന്ഥാതന്റെ വാക്കുകളിലെ നീരസം മനസ്സിലായി. “ഏതൊരു പെൺകുട്ടിയാണ് വയസ്സനായ ഒരുവനെ വിവാഹം ചെയ്യുക?” അദ്ദേഹം സ്വയം ഒരു യുവകോമളനായി മാറി. അമ്പതു പെൺകുട്ടികളും അദ്ദേഹത്തെ വരിച്ചു. അദ്ദേഹം ഏറെക്കാലം അതിഭൗമമായ സമൃദ്ധിയിലും ഉല്ലാസത്തിലും അവരോടൊപ്പം കഴിഞ്ഞു. ഒരു ദിവസം അദ്ദേഹമിങ്ങിനെ ആലോചിച്ചു. “ഞാനൊരു മുനിയായിരുന്നു. ഇണചേരുന്ന മത്സ്യങ്ങളെക്കണ്ട് ഞാനീ ഇന്ദ്രിയവലയിൽ വീണുപോയി. പരമസാക്ഷാൽകാരം ആഗ്രഹിക്കുന്ന ആരും ലൗകീകതയുമായി സമ്പർക്കമരുത്. ഏകനായി ഭഗവൽഭക്തിയിൽ മാത്രം മുഴുകി വേണം അയാൾ ജീവിക്കാൻ.

അദ്ദേഹം ഒരിക്കൽക്കൂടി വീടുപേക്ഷിച്ചുപോയി.